**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 78** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന തീരദേശ മേഖലയിൽ മത്സ്യബന്ധന ഇറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ എന്നിവയും പ്രൊജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴി തീരദേശത്തെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിനായി വ്യക്തിഗത ഭവനനിർമ്മാണം, ഭവനസമുച്ചയങ്ങളുടെ നിർമ്മാണം എന്നിവയും നടപ്പിലാക്കി വരുന്നു. കൂടാതെ ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനവികസന സൗകര്യപദ്ധതികൾ, മത്സ്യഗ്രാമങ്ങളെ മാതൃക മത്സ്യഗ്രാമങ്ങളായും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിലുള്ള മത്സ്യ ഗ്രാമങ്ങളായും വികസിപ്പിക്കുന്ന പദ്ധതി, ഫിഷർമെൻ കോളനികളുടെ പുനർനിർമ്മാണം, തീരസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൊണ്ടുള്ള പരിസ്ഥിതി സൗഹൃദ പദ്ധതികൾ, മത്സ്യഫാമുകൾ ഹാച്ചറികൾ എന്നിവയുടെ വികസനം തുടങ്ങി വിവിധ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച് വരുന്നു.<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന അഭിമാന പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ വ്യക്തിഗത ഭവന പദ്ധതി വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറി താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭേക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതി<br><br>നബാർഡ് ധനസഹായ ത്തോടെയുള്ള പദ്ധതി<br><br>ഓഖി ഡെവലപ്പ്മെന്റ് പാക്കേജ് പദ്ധതി<br><br>പി.എം.എം.എസ്.വൈ. ധന സഹായത്തോടെയുള്ള പദ്ധതി<br><br>എഫ്.ഐ.ഡി.എഫ്.<br><br>ആർ.കെ.ഐ.<br><br>തീരദേശ റോഡുകൾ<br><br>സാഗർമാല പദ്ധതി |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് അടിസ്ഥാനസൗകര്യങ്ങളും അവരുടെ മാനവശേഷി വികസനവും ഉറപ്പാക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന അഭിമാന |

വരുന്നതെന്നും ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ?

പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ / സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറി താമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. കൂടാതെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ (ഈ വർഷത്തെ 40 കോടി രൂപ ഉൾപ്പെടെ) നിന്നും 153.75 കോടി രൂപയും ഉൾപ്പെടെ പദ്ധതി പ്രവർത്തനത്തിനായി ഇതുവരെ ആകെ 403.75 കോടി രൂപ അനുവദിക്കുകയും 391.51 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സീലിങ് നിയന്ത്രണം ഒഴിവാക്കുന്ന മുറയ്ക്ക് ഈ സാമ്പത്തിക വർഷത്തെ തുക പൂർണമായും ചെലവഴിക്കാൻ കഴിയുന്നതുമാണ്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന 2024-25 സാമ്പത്തിക വർഷം തീരദേശ അടിസ്ഥാന സൗകര്യ മാനവശേഷി വികസന പദ്ധതികൾക്കായി 115 കോടി രൂപയും സാമൂഹിക സുരക്ഷ പദ്ധതികൾക്കായി 56.48 കോടി രൂപയും കടലോര മത്സ്യബന്ധന പ്രവർത്തനങ്ങൾക്കായി 21.10കോടി രൂപയും തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 35.81 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, പാരലൽ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസാനുകൂല്യം എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിൽ നൽകി വരുന്നുണ്ട്. ഇതിനായി പദ്ധതി ഇതര ശീർഷകത്തിൽ 27.5 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 9.28 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് കോച്ചിംഗ്, എൻ.ഐ.ടി/ഐ.ഐ.ടി വിദ്യാർത്ഥികൾക്കുള്ള പ്രവേശന പരീക്ഷാ പരിശിലനം, സിവിൽ സർവ്വീസ്പരീക്ഷാ പരിശീലനം എന്നിവയും കരിയർ ഗൈഡൻസും നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകി വരുന്നുണ്ട്. തീരോന്നതി പദ്ധതിയിലുൾപ്പെടുത്തി മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതിയായ സാന്ത്വനതീരവും തീരപ്രദേശത്ത് മെഡിക്കൽ ക്യാമ്പുകളും, മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളും, സഹകരണ മേഖലയുടെ ശാക്തീകരണത്തിനായി മത്സ്യതൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായുമുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ തീരദേശത്തെ 75 വായനശാലകളെ തുടർ പഠന കേന്ദ്രങ്ങൾ ആക്കുന്ന തരത്തിൽ ലാപ്ടോപ്പുകൾ, പ്രോജെക്റ്ററുകൾ, സ്മാർട്ട് ടി.വികൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയായ പ്രതിഭാതീരം പൂർത്തീകരണ വേളയിൽ ആണ്. |

സെക്ഷൻ ഓഫീസർ